



കവിത

# നിത്യജീവൻ

ഫാ. കെ.ജെ. മാത്യു എസ്.ജെ

ഇടിമിന്നൽ രഥമേറി
വാർമഴവില്ലിൽ
വാനമേഘച്ചുരുളുകളിൽ
ലോകാവസാന നാളിൽ
അങ്ങെഴുന്നള്ളുമ്പോൾ

സർവശക്തനെ നിൻ ജീവരാഗം
ഈ ധരയിൽ ആഞ്ഞുപതിക്കുമ്പോൾ,
ഞെട്ടിവിറക്കും പൊട്ടിപ്പിളരും
ഈ ധര നിന്റെ മുമ്പിൽ

ദൈവദൂതരെ നിങ്ങടെ ഗാനം
ഈ ധരയെ താണുപുണരുമ്പോൾ
പൊട്ടിത്തകരും കല്ലറയെല്ലാം
നിത്യജീവന്റെ നാളിൽ

# നസ്രായന്റെ ചാരെ

ഉദ്ദിഷ്ട കാര്യങ്ങൾക്ക് മാത്രമായി യേശുവിനെ തേടിയ നിമിഷങ്ങളിൽ നിന്നൊക്കെ വ്യത്യസ്തമായി ഒന്നിനും വേണ്ടിയല്ലാതെ, അവനോടുള്ള സ്നേഹത്തെപ്രതി അവനെ തേടാനാവണം.



ഫാ. ജോസ് ആലുങ്കൽ എസ്ഡിബി

ഒരിക്കൽ സെമിനാരിയിൽ നോമ്പുകാലത്ത് സമൂഹമായി അനുഷ്ഠിക്കേണ്ട തപചര്യകൾ തീരുമാനിക്കാൻ എല്ലാവരും ഒത്തുകൂടിയ കൂട്ടായ്മയായിരുന്നു അത്. മത്സ്യ- മാംസാദികൾ വർജ്ജിക്കണമെന്ന നിർദ്ദേശം ഏറെക്കുറെ സ്വീകാര്യമായപ്പോൾ ഒരു സഹോദരൻ എഴുന്നേറ്റ് നിന്ന് ചോദിച്ചതോർക്കുന്നുണ്ട്: ‘എന്തിനുവേണ്ടിയാണ് ഇവയൊക്കെ നാം ഉപേക്ഷിക്കുന്നത്?’ നമ്മൾ ഉപക്ഷിക്കുന്ന ഭക്ഷണസാധനങ്ങളുടെ തുക കണ്ടെത്തി, പാവപ്പെട്ടവരെ സഹായിക്കാനായി അയച്ച് കൊടുക്കുമെന്ന് ആശ്രമ ശ്രേഷ്ഠൻ മറുപടി പറഞ്ഞു. വിശദീകരണമൊന്നും ആ സഹോദരനെ തൃപ്തിപ്പെടുത്തിയില്ലെന്ന് വ്യക്തമായിരുന്നു. കേവലം ഇഷ്ടപ്പെട്ട ഭക്ഷണ സാധനങ്ങൾ ഉപേക്ഷിക്കൽ മാത്രമാണോ നോമ്പുകാലം? നാം ഉപേക്ഷിക്കുന്ന ഭക്ഷണ സാധനങ്ങളുടെ, നഷ്ടപ്പെടുത്തുന്ന സൗകര്യങ്ങളുടെ കണക്ക് നോക്കി പരുതപിക്കേണ്ട ദിനങ്ങൾ മാത്രമാണോ ഈ നാൽപ്പത് ദിനരാത്രങ്ങൾ?

നസ്രായന്റെ കൂടെയായിരുന്നുകൊണ്ട് നസ്രായന് നമ്മോടുള്ള പ്രണയത്തെ, നമുക്ക് അവനോടുള്ള പ്രണയത്തെ തിരിച്ചറിയാനുള്ള ആത്മീയതയുടെ വസന്തകാലമല്ലേ നോമ്പ്? നോമ്പുകാലത്ത് നാമൊക്കെ പങ്കുകൊള്ളുന്ന ഓരോ കുരിശിന്റെ വഴിയും അവന് നമ്മോടുള്ള അഗാധ പ്രണയത്തെ വരച്ചുകാട്ടുമ്പോൾ, നമ്മുടെ ചെറിയ ത്യാഗങ്ങളിലൂടെ ‘നിന്നെ ഞാനും പ്രണയിക്കുന്നുവെന്ന്...’ അവനോടും പറയാൻ കഴിയണം. ഉദ്ദിഷ്ട കാര്യങ്ങൾക്ക് മാത്രമായി അവനെ തേടിയ നിമിഷങ്ങളിൽ നിന്നൊക്കെ വ്യത്യസ്തമായി ഒന്നിനും വേണ്ടിയല്ലാതെ, അവനോടുള്ള നിർമ്മലമായ സ്നേഹത്തെ പ്രതി നമുക്ക് അവനെ തേടാനാവണം. അവൻ മരിച്ച് മൂന്ന് ദിനങ്ങൾക്കുമപ്പുറം അതിരാവിലെ മഗ്ദലേന മറിയം അവനെ അന്വേഷിക്കുന്നത് ഈ സ്നേഹത്തെ പ്രതിയാണ്. അവന്റെ ഉയർപ്പിനെക്കുറിച്ച് അവൻ നടത്തിയ പ്രബോധങ്ങളൊന്നും അവൾക്ക് മനസിലായിട്ടുണ്ടാവാൻ ഇടയില്ല. മൂന്ന് ദിനങ്ങൾക്കുമപ്പുറം മരിച്ച് മണ്ണടിയുന്ന അവൻ പരാജയമെന്ന് എല്ലാവരും വിധിയെഴുതുമ്പോഴും അവളുടെ സ്നേഹത്തിന് അവനെ ഉപേക്ഷിക്കാൻ കഴിയുമായിരുന്നില്ല. നമ്മുടെയൊക്കെ നിരാശകളുടെ ദു:ഖവെള്ളിക്കും ഉപരിയായി അവനെ പ്രണയിക്കാൻ നമുക്കാവണം.

രണ്ടാമതായി നസ്രായന്റെ കൂടെയായിരുന്നുകൊണ്ട് അവന്റെ ജീവിത വീക്ഷണങ്ങളിലേക്ക് വളരാൻ കഴിയണം. ഗത്സമെൻ മുതൽ കാൽവരിവരെയുള്ള അവന്റെ യാത്ര, അവൻ നൽകിയ പഠനങ്ങളും പ്രബോധനങ്ങളുമൊക്കെ എങ്ങിനെയാണ് ജീവിത വീഥിയിൽ പ്രാവർത്തികമാക്കുക എന്നതിന്റെ നേർകാഴ്ച്ച തന്നെയായിരുന്നു. ഒറ്റിക്കൊടുത്ത യൂദാസിനെ സ്നേഹിതാ എന്ന് വിളിച്ച് അവന്റെ മടങ്ങിവരവിന് അവസരം നൽകുന്നുണ്ട്. പത്രോസ് വാളെടുത്ത് ചെവി ഛേദിക്കുന്ന പടയാളിക്ക് സൗഖ്യത്തിന്റെ കരസ്പർശമായി അവൻ മാറുന്നുണ്ട്. മൂന്ന് തവണ തന്നെ തള്ളിപ്പറഞ്ഞ പത്രോസിനെ കാരുണ്യത്തോടെ നോക്കി അനുതാപത്തിലേക്ക് നയിക്കുകയാണ്. തന്റെ ചെകിടത്തടിക്കുന്നവരോട്, രാജാവെന്ന് വിളിച്ച് അധിക്ഷേപിക്കുന്നവരോട്, ചാട്ടവാറുകൊണ്ട് പ്രഹരിച്ച് തന്റെ ശരീരത്തെ ചിന്നഭിന്നമാക്കുന്നവരോട്, വസ്ത്രം ഉരിഞ്ഞ് തന്നെ നഗ്നനാക്കുന്നവരോടൊക്കെ നിരുപാധികം അവൻ ക്ഷമിക്കുകയാണ്.

പിതാവിന്റെ കരുണ അവരുടെ മേൽ ഉണ്ടാവുന്നതിന് വേണ്ടി ഹൃദയപൂർവം പ്രാർത്ഥിക്കുന്നുണ്ട്. മരണവെപ്രാളത്തിലും തന്റെ കരുണ യാചിക്കുന്ന കള്ളന് ഏറ്റവും വലിയ സമ്മാനമായ പറുദീസ നൽകുകയാണ്. തന്നെ ഇത്രയും നാൾ നെഞ്ചോടണച്ച മേരിയമ്മയെ വത്സല ശിഷ്യന്റെ കരങ്ങളിലേൽപ്പിക്കുന്നുണ്ട്. അതോടൊപ്പം വത്സല ശിഷ്യന് കൂട്ടായി തന്റെ  അമ്മയെയും നൽകുന്നുണ്ട്. പ്രതിസന്ധി ഘട്ടങ്ങളിൽ എന്തുചെയ്യണമെന്നറിയാതെ പതറുന്ന നമുക്കൊക്കെ അവന്റെ ഈ ബോധ്യങ്ങളിലേക്ക് വളരാനുള്ള ആത്മീയതയുടെ കളരിയാവണം ഈ നോമ്പുകാലം.

മൂന്നാമതായി നസ്രായനോടൊപ്പമിരുന്ന് അവനാകുന്ന പ്രത്യാശയെ സ്വന്തമാക്കാൻ നമുക്കാവണം. തന്റെ പീഡാനുഭവത്തെക്കുറിച്ചുള്ള വ്യക്തമായ സൂചനകൾ തന്റെ പ്രവചനത്തിലൂടെ തോഴരുമായി അവൻ പങ്കുവയ്ക്കുന്നുണ്ട്. മൂന്ന് ദിനങ്ങൾക്ക് ശേഷമുള്ള തന്റെ ഉയർപ്പും ഈ പ്രവചനത്തിന്റെ ഭാഗമായിരുന്നു. ഗത്സമെനിൽ ചോര വിയർത്തപ്പോഴും കാൽവരിയിൽ മരണത്തെ മുഖാമുഖം കാണുമ്പോഴും ഈ ഉയർപ്പിന്റെ പ്രത്യാശ അവന്റെ ഹൃദയത്തിൽ നിഴലിച്ചിട്ടുണ്ടെന്ന് കരുതാനാവുമോ? സഹനങ്ങളുടെ നെല്ലിപലകയിൽ പ്രത്യാശ നിറഞ്ഞ ചിന്തകളെ ഹൃദയത്തോട് ചേർത്തുവയ്ക്കുക അത്ര എളുപ്പമല്ല. സാധാരണ ഗതിയിൽ നൻമകൾ ചെയ്തിട്ടും ഈ സഹനത്തിന്റെ പാനപാത്രം നൽകിയ ദൈവത്തെ നാമൊക്കെ പഴിക്കുകയാണ് പതിവ്. സഹനങ്ങളുടെ തീചൂളയിൽ മാനുഷികമായ എല്ലാ പരിഭ്രാന്തികളും അവനെയും വരിഞ്ഞ് മുറുക്കിയിട്ടുണ്ടാവണം. എന്നാൽ നല്ല കള്ളനോട് ‘ഇന്ന് നീ എന്നോട് കൂടെ പറുദീസയിലായിരിക്കുമെന്ന...’ അവന്റെ ഉറപ്പും, ‘അങ്ങേ കരങ്ങളിലേക്ക് എന്റെ ആത്മാവിനെ സമർപ്പിക്കുന്നു’ എന്ന മൊഴികളും ദു:ഖവെള്ളിയുടെ ഇരുളിലും ഉത്ഥാനത്തിന്റെ പൊൻവെട്ടം അവനിലുണ്ടായിരുന്നു എന്നതിന്റെ നേർസാക്ഷ്യമാണ്.

നോമ്പുകാലത്തിലെ ഓരോ പ്രവൃത്തിയും നസ്രായനോടുള്ള നമ്മുടെ പ്രണയത്തിന്റെ സാക്ഷാത്ക്കാരങ്ങളാവട്ടെ. അവനോടുള്ള സ്നേഹാഗ്നിയിൽ ജ്വലിച്ച് അവന്റെ മനസ് സ്വന്തമാക്കാനും, നിരാശയുടെയും സഹനങ്ങളുടെയും ഇരുണ്ട രാത്രിയിൽ അന്ധകാരത്തെ കീഴടക്കിയ നസ്രായൻ പ്രത്യാശയുടെ തിരിവെട്ടവുമായി നമ്മെ തേടി വരുമെന്ന പ്രത്യാശ നോമ്പാചരണത്തെ ദീപ്തമാക്കട്ടെ...